● ബാഹിസ്

# സ്ത്രീക്ക് പുരുഷന്റെ പാതി സ്വത്ത്?

**'ബോധനം' വാള്യം 12 ലക്കം 2 ൽ സ്ത്രീയുടെ അന്തരാവകാശം സംബന്ധിച്ച ചോദ്യത്തിന്റെ മറുപടിയിൽ ചില അബദ്ധങ്ങൾ പിണഞ്ഞതായി ശ്രദ്ധയിൽ പെട്ടിരിക്കുന്നു. അബദ്ധങ്ങൾ പിണഞ്ഞതിൽ ഖേദിക്കുന്നതോടൊപ്പം അവ തിരുത്തി മറുപടി പുനഃപ്രസിദ്ധീകരിക്കുകയാണിവിടെ. – എഡിറ്റർ**

ഇസ്‌ലാം സ്ത്രീകളോട് അനീതി മാത്രമാണ് കാണിച്ചിട്ടുള്ളതെന്നു പ്രചരിപ്പിക്കുന്നവർ തെളിവായി അവതരിപ്പിക്കുന്ന ചില സ്ഥിരം ശീട്ടുകളുണ്ട്. അവയിലൊന്നാണ് സത്രീയുടെ അനന്തരാവകാശ പ്രശ്നം. ഇസ്‌ലാമിക ശരീഅത്തനുസരിച്ച് സ്ത്രീക്ക് എപ്പോഴും പുരുഷന്റെ പാതി മാത്രമെ അന്തരസ്വത്തിൽ അവകാശം ലഭിക്കുന്നുള്ളൂവെന്നാണ് ഇവരുടെ വാദം. ഇത് പക്ഷെ ശരിയല്ല. ചില സന്ദർഭങ്ങളിൽ പുരുഷൻ സ്ത്രീയുടെ ഇരട്ടി അനന്തരമെടുക്കുന്നുവെന്നേ കവിഞ്ഞാൽ പറയാൻ കഴിയുകയുള്ളൂ. ഒരു പിതാവിന്റെ അനന്തരാവകാശികളായി ആൺകുട്ടികളും പെൺകുട്ടികളും ഒരുമിച്ചു വരുമ്പോൾ സ്ത്രീയുടെ ഇരട്ടി പുരുഷനു ലഭിക്കും. ഉദാഹരണമായി, മരണപ്പെട്ട പിതാവിനു ഒരു മകനും മകളും മാത്രമാണ് അവകാശികൾ. അനന്തര സ്വത്ത് മൂന്നുലക്ഷവും. എങ്കിൽ രണ്ടുലക്ഷം മകന്നും ഒരു ലക്ഷം മകൾക്കും ലഭിക്കും. പക്ഷെ, പ്രശ്നം അവിടെ അവസാനിക്കുന്നില്ല. പിന്നെ ആ സഹോദരിയെ സംരക്ഷിക്കേണ്ട ചുമതല ആർക്കാണ്? അവളുടെ താമസം, ഭക്ഷണം, വസ്ത്രം, ചികിത്സ, വിദ്യാഭ്യാസം തുടങ്ങിയുള്ള അടിസ്ഥാനാവശ്യങ്ങൾ നിർവഹിക്കാനുള്ള ബാധ്യത സഹാദരനാണ്. പിന്നീടവളെ വിവാഹം ചെയ്തു കൊടുക്കാനുള്ള ചെലവും അയാൾ തന്നെ വഹിക്കണം. അതായത് സഹോദരിയോടൊപ്പം തനിക്കു വീതിച്ചു കിട്ടിയ ധനത്തിൽ പിന്നീട് സഹോദരി കൂടി തന്നോടൊപ്പം പങ്കാളിയാണ്. എന്നാൽ മറിച്ചു, സഹോദരിയുടെ ധനത്തിൽ അവൻ പങ്കാളിയല്ല. അവനു വേണ്ടി തന്റെ കയ്യിലുള്ള ധനം ചിലവാക്കാൻ നിയമപരമായി അവൾക്ക് ബാധ്യതയില്ലെന്നർത്ഥം. സഹോദരനെ സംബന്ധിച്ചോടത്തോളം തനിക്കും തന്റെ ഭാര്യാസന്താനങ്ങൾക്കുമുള്ള ചിലവ് ഇതിനു പുറമെയാണ്. മാത്രമല്ല തന്റെ കുടുംബത്തിൽ സാമ്പത്തികവും ശാരീരികവുമായി ദുർബലരായ മാതാവോ മാതൃസഹോദരനോ പിതമഹനോ പിതൃസഹോദരനോ ഉണ്ടെങ്കിൽ അവരുടെ സംരക്ഷണച്ചുമതലയും ഈ സഹോദരൻ തന്നെ വഹിക്കണം. അതിനാൽ തനിക്കു അന്തരമായി ലഭിച്ച രണ്ടുലക്ഷത്തിൽ സഹോദരി കൂടി ജീവിത പങ്കാളിയാവുമ്പോൾ തന്നെ ഫലത്തിൽ അവനു ലഭിക്കുന്നത് ഒരു ലക്ഷമായി ചുരുങ്ങുന്നു. മറിച്ചു സഹോദരിക്കു ലഭിക്കുന്നതാവട്ടെ, ഫലത്തിൽ രണ്ടുലക്ഷമായി വർദ്ധിക്കുകയും ചെയ്യുന്നു.

യഥാർത്ഥത്തിൽ ഇസ്‌ലാമിലെ അനന്തരാവകാശ നിയമങ്ങളെക്കുറിച്ചു പലരും തെറ്റായ ധാരണകളാണ് വെച്ചുപുലർത്തുന്നത്. സ്ത്രീക്ക് എപ്പോഴും പുരുഷന്റെ പാതിയാണ് അവകാശമെന്നത് ഈ ധാരണത്തെറ്റുകളിൽ ഒന്നുമാത്രം. للذكر مثل حظ الأنثيين(പുരുഷനു രണ്ടു സ്ത്രീകളുടെ അവകാശത്തിനു തുല്യം) എന്ന ഖുർആൻ ശകലമാണ് അവർ ഇതിനു തെളിവാക്കുന്നത്. വാസ്തവത്തിൽ ഇത് ഒരു പൊതുവിധിയല്ല. ഒരു പ്രത്യേക അവസ്ഥയിൽ മാത്രമുള്ള വിധിയാണ്. ഖുർആൻ സൂക്തത്തിന്റെ പൂർണഭാഗം ഇങ്ങനെ:

يُوصِكُمُ اللهُ فِي أَوْلَادِكُمْ لِلذَّكَرِ مِثْلُ حَظِّ الأُنْثَيَيْنِ (النساء:١١)

'നിങ്ങളുടെ സന്താനങ്ങളുടെ കാര്യത്തിൽ അല്ലാഹു നിങ്ങളെ ഉപദേശിക്കുന്നു. പുരുഷനു രണ്ടു സ്ത്രീകളുടെ അവകാശത്തിനു തുല്യമായത്'.

പുരുഷനു സ്ത്രീയുടെ ഇരട്ടി എന്നത് അനന്തരാവകാശ നിയമത്തിൽ എപ്പോഴും പരിഗണിക്കേണ്ട പൊതുവായ ഒരടിസ്ഥാനമല്ലെന്നർത്ഥം. മറിച്ചു അനന്തരാവകാശത്തിലെ പല അവസ്ഥകളിൽ ഒന്നുമാത്രമാണത്. മറ്റവസ്ഥകളിൽ പലതും ഇതിൽ നിന്നു തീർത്തു ഭിന്നമാണ്. യഥാർത്ഥത്തിൽ ഇസ്‌ലാമിക ശരീഅത്തിലെ അനന്തരാവകാശ വിഹിത വ്യത്യാസം സ്ത്രീ പുരുഷ വ്യത്യാസവുമായിട്ടല്ല ബന്ധപ്പെട്ടിരിക്കുന്നത്. പ്രത്യുത, കൂടുതൽ യുക്തി പൂർണവും ഭദ്രവുമായ മറ്റു ചില അടിസ്ഥാനങ്ങളും ലക്ഷ്യങ്ങളും അതിനുണ്ട്. ചുരുക്കം. ചില സ്ഥലങ്ങളിൽ മാത്രം സ്ത്രീക്ക് പുരുഷന്റെ പാതി ലഭിക്കുന്നതുകൊണ്ട്, അതൊരു പൊതു തത്വമായി ചിലർ തെറ്റിദ്ധരിച്ചുവെന്നുമാത്രം. ഇസ്‌ലാമിക ശരീഅത്തിൽ സ്ത്രീ-പുരുഷൻമാർക്ക് അനന്തരാവകാശ വിഹിതം നിർണിയിക്കുന്നതിൽ മൂന്നു പ്രധാന അടിസ്ഥാനങ്ങൾ പരിഗണിച്ചിരിക്കുന്നു.

1) മരിച്ച വ്യക്തിയുമായി അനന്തരാവകാശികൾക്കുള്ള കുടുംബ ബന്ധത്തിന്റെ അടുപ്പം. കുടുംബബന്ധം അടുക്കുന്തോറും അവകാശ വിഹിതം വർധിക്കും. അകലും തോറും അവകാശ വിഹിതം കുറയുകയും ചെയ്യും. അവകാശങ്ങളിൽ പുരുഷ-സ്ത്രീ പരിഗണന ഇവിടെയില്ല.

2) തലമുറയിൽ അനന്തരമെടുക്കുന്നവരുടെ സ്ഥാനം. ഉദാഹരണമായി, ജീവിതത്തെ പുതുതായി അഭിമുഖീകരിക്കുവാനും പ്രയാസങ്ങൾ പേറുവാനും ഒരുങ്ങുന്ന പുതിയ തലമുറ, ജീവിതത്തോട് വിടപറയുവാനും ഭാരങ്ങൾ ലഘൂകരിക്കാനുമൊരുങ്ങുന്ന പഴയ തലമുറയെക്കാൾ കൂടുതൽ വിഹിതം അനന്തരമെടുക്കുന്നവരായിരിക്കും. എന്നല്ല വിടപറയാൻ ഒരുങ്ങുന്ന തലമുറയുടെ ഭാരങ്ങൾ കൂടി ഏറ്റെടുക്കാൻ പലപ്പോഴും പുതിയ തലമുറക്ക് ബാധ്യതയുണ്ടാവും. പുരുഷ-സ്ത്രീ വ്യത്യാസം ഇവിടെയും പരിഗണനീയമല്ലെന്നുസാരം. ഉദാഹരണമായി, മരിച്ച വ്യക്തിയുടെ മകൾ മാതാവിനെക്കാൾ കൂടുതൽ വിഹിതമെടുക്കുന്നു. രണ്ടുപേരും സ്ത്രീകളാണ്. എന്നല്ല മുല കുടിക്കുന്ന കുഞ്ഞാണെങ്കിലും മകളാണ് പുരുഷനായ പിതാവിനെക്കാൾ കൂടുതൽ വിഹിതമെടുക്കുന്നത്. ഇവിടെ മകന്റെ സ്വത്തിന്റെ സ്രോതസ്സ് പിതാവാണെങ്കിൽ പോലും വിഹിതത്തിൽ വ്യത്യാസം വരുന്നില്ല. അതുപോലെ മകൻ പിതാവിനെക്കാൾ കൂടുതൽ അനന്തരമെടുക്കുന്നു. രണ്ടുപേരും പുരുഷന്മാരാണ്. സ്ത്രീ-പുരുഷ വ്യത്യാസമല്ല ഇവിടെയും അനന്തരാവകാശത്തിന്റെ ഏറ്റക്കുറവുകൾക്കു നിദാനമെന്ന് സാരം.

3) അനന്തരാവകശികൾക്ക് മറ്റു ബന്ധുക്കളുടെ കാര്യത്തിൽ ഇസ്‌ലാം നിശ്ചയിച്ചുകൊടുക്കുന്ന സാമ്പത്തിക ബാധ്യത. ഇവിടെ മാത്രമാണ് സ്ത്രീ-പുരുഷ വ്യത്യാസം ഇസ്‌ലാം പരിഗണിച്ചിട്ടുള്ളത്. എന്നാൽ അതും സ്ത്രീകളോട് ഒരു വിധത്തിലും അക്രമം പ്രവർത്തിക്കുന്ന വിധത്തിലല്ല. വേണമെങ്കിൽ മറിച്ചാണ് ശരിയെന്നു തോന്നാം.

ഏതെങ്കിലും ഒരവസ്ഥയിൽ അനന്തരാവകാശികൾ കുടുംബബന്ധത്തിൽ സമദൂരമാണെന്നു കരുതുക. ഉദാഹരണമായി, മരിച്ച വ്യക്തിയുടെ സ്ത്രീകളും പുരുഷന്മാരുമായ മക്കൾ. തലമുറയിലും അവർ സമന്മാരാണ്. എന്നാൽ അവരിൽ ഈ അവസ്ഥയിൽ മാത്രമാണ് ഖുർആൻ പുരുഷന്റെ പാതി സ്ത്രീകൾക്ക് അവകാശം നൽകുന്നത്. ഇവിടെ സ്ത്രീയുടെ ഇരട്ടി അനന്തരമെടുക്കുന്ന പുരുഷൻ, തന്റെ ഭാര്യയുടെയും കുട്ടികളുടെയും സാമ്പത്തിക ബാധ്യതകൾ ഏറ്റെടുക്കേണ്ടവനാണ്. എന്നാൽ ഇതേ പുരുഷന്റെ കൂടെ അയാളുടെ പകുതി അനന്തരമെടുക്കുന്ന സ്ത്രീ, അവളോടേറ്റവും അടുത്ത പുരുഷന്റെ ചുമതലയാണ്. അവൾക്ക് അനന്തരം കിട്ടിയത് പകുതിയാണെങ്കിലും സാമ്പത്തികമായി ഒരു ബാധ്യതയും ഇസ്‌ലാം അവളെ ഏൽപ്പിക്കുന്നില്ലെന്നു സാരം. മറിച്ച്, കിട്ടിയ സമ്പത്ത് ഒരു കരുതൽ ധനമായി പിൽക്കാലത്ത് ഉണ്ടായേക്കാവുന്ന വിവിധ വിപത്തുകളെ നേരിടുവാൻ സൂക്ഷിച്ചുവെക്കുകയേ വേണ്ടതുള്ളൂ.

അനന്തരാവാകാശത്തിൽ ഇസ്‌ലാം പരിഗണിച്ച ഈ തത്വങ്ങളൊന്നും ആളുകൾ സാധാരണ മനസ്സിലാക്കാറില്ല. അതുകൊണ്ടാണ് ഒറ്റയടിക്ക് ഇസ്‌ലാം സ്ത്രീ വിരുദ്ധമാണെന്നും സ്ത്രീകളോട് അക്രമം പ്രവർത്തിക്കുന്നുവെന്നും കാടടച്ചു ആക്ഷേപിക്കുന്നത്. യഥാർത്ഥത്തിൽ മുകളിൽ പറഞ്ഞ തത്വങ്ങൾക്കനുരോധമായി നാലു സന്ദർഭങ്ങളിൽ മാത്രമാണ് പുരുഷന്റെ പാതി സ്ത്രീ അനന്തരമെടുക്കുന്നത്.

1) പരേതനു സ്ത്രീ-പുരുഷൻമാരായ മക്കളുണ്ടാവുമ്പോൾ. വിരുദ്ധ ഖുർആൻ പറയുന്നു:

يُوصِيكُمُ اللهُ فِي أَوْلَادِكُمْ لِلذَّكَرِ مِثْلُ حَظِّ الأُنْثَيَيْنِ (النساء:١١)

'നിങ്ങളുടെ മക്കളുടെ കാര്യത്തിൽ അല്ലാഹു നിങ്ങളെ ഉപദേശിക്കുന്നു: പുരുഷനു രണ്ടു സ്ത്രീകളുടെ ഓഹരി' (അന്നിസാഅ്:11) ആണും പെണ്ണുമായി മക്കളുടെ മക്കളോ അതിന്റെ താഴെയുള്ള മക്കളോ അനന്തരമെടുമ്പോഴും ഇതുതന്നെയാണവസ്ഥ. (അന്നിസാഅ്:176).

2) പരേതന്നു മക്കളില്ലാതിരിക്കെ മാതാപിതാക്കൾ (ഭാര്യാ-ഭർത്താക്കൻമാർ) അനന്തരമെടുക്കുകയാണെങ്കിൽ മാതാവിന്ന് 1/3 ഉം പിതാവിന്ന് 2/3 ഉം ലഭിക്കുന്നു. (മാതാവിന്റെ ഇരട്ടി പിതാവിന്നു) ഖുർആൻ പറയുന്നു:

فَإِنْ لَمْ يَكُنْ لَهُ وَلَدٌ وَوَرِثَهُ أَبَوَاهُ فَلِأُمِّهِ الثُّلُثُ (النساء: ١١)

'പരേതനു മക്കളില്ലാത്ത അവസ്ഥയിൽ മാതാപിതാക്കൾ അനന്തരമെടുക്കുകയാണെങ്കിൽ മാതാവിന്ന് മൂന്നിൽ ഒന്ന്' (ശിഷ്ടമുള്ള മൂന്നിൽ രണ്ട് - ഇരട്ടി - പിതാവിന്നും).

3) മാതാപിതാക്കളൊത്ത, അല്ലെങ്കിൽ പിതാവൊത്ത സഹോദരിയോടൊപ്പം മാതാപിതാക്കളോ പിതാവോ ഒത്ത സഹോദരനുള്ളപ്പോൾ. ഇവിടെ സഹോ

ദരിയുടെ ഇരട്ടി സഹോദരനു ലഭിക്കും. ഖുർആൻ പറയുന്നു:

وإنْ كَانُوا إخْوَةً رِجَالا وَنِسَاءً فَلِلذَّكَرِ مِثْلُ حَظِّ الأنْثَيَيْنِ (النساء:١٧٦)

'അവർ (പരേതന്റെ സഹോദരങ്ങൾ) സ്ത്രീകളും പുരുഷൻമാരുമായ സഹോദരങ്ങളാണെങ്കിൽ പുരുഷനു രണ്ടു സ്ത്രീകളുടെ ഓഹരിക്കു തുല്യം'.

4) പതി-പത്നിമാർ പരസ്പരം അനന്തരമെടുക്കുമ്പോൾ. ഭർത്താവിൽ നിന്നു ഭാര്യ അനന്തരമെടുക്കുന്നതിന്റെ ഇരട്ടിയാണ് ഭാര്യയിൽ നിന്ന് ഭർത്താവ് അനന്തരമെടുക്കുന്നത്. അല്ലാഹു പറയുന്നു:

وَلَكُمْ نصفُ مَا تَرَكَ أزْوَاجُكُمْ إنْ لَمْ يَكُنْ لَهُنَّ وَلَدٌ، فإنْ كَانَ لَهُنَّ وَلَدٌ فَلَكُمْ الرُّبعُ مِمَّا تَرَكْنَ من بَعْد وَصيَّة يُوصينَ بهَا أوْ دَيْن، وَلَهُنَّ الرُّبعُ مِمَّا تَرَكْتُمْ إنْ لَمْ يَكُنْ لَكُمْ وَلَدٌ فَإنْ كَانَ لَكُمْ وَلَدٌ فَلَهُنَّ الثُّمنُ مَمَّا تَرَكْتُم من بَعْد وَصيَّة تُوصُون بهَا أو دَيْن (النساء:١٢).

'നിങ്ങളുടെ ഭാര്യമാർക്കു മക്കളില്ലെങ്കിൽ അവർ ഉപേക്ഷിച്ചതിന്റെ പകുതി നിങ്ങൾക്കുണ്ട്. അവർക്കു മക്കളുണ്ടെങ്കിൽ നിങ്ങൾക്കു അവരുപേക്ഷിച്ചതിന്റെ നാലിൽ ഒന്ന്. അവരുടെ വസിയ്യത്തും കടവും കഴിച്ചാണിത്. നിങ്ങൾക്കു മക്കളില്ലെങ്കിൽ അവർക്കു നിങ്ങളുപേക്ഷിച്ചതിന്റെ നാലിലൊന്ന്. നിങ്ങൾക്കു മക്കളുണ്ടെങ്കിൽ നിങ്ങളുപേക്ഷിച്ചതിന്റെ എട്ടിൽ ഒന്നു അവർക്ക്. നിങ്ങളുടെ വസിയ്യത്തും കടവും കഴിച്ചാണിത്'.

ഈ നാലു സ്ഥലങ്ങളിൽ മാത്രമേ സ്ത്രീ പുരുഷന്റെ പാതി അനന്തരമെടുക്കുന്നുള്ളൂ. എന്നാൽ ഇതിന്റെ ഇരട്ടിയിലധികം സന്ദർഭങ്ങളിൽ പുരുഷനെപ്പോലെ ത്തന്നെ തുല്യമായി സ്ത്രീയും അനന്തരമെടുക്കുന്നുണ്ട്. ഉദാഹരണമായി താഴെപറയുന്ന അവസ്ഥകൾ പരിശോധിക്കുക.

1) പരേതനു ഒരാൺകുട്ടിമാത്രമുള്ളപ്പോൾ മാതാപിതാക്കൾ അനന്തരമെടുക്കുന്നു. ഇവിടെ മാതാവിനും പിതാവിനും 1/6 വീതവും, ശിഷ്ടം ആൺകുട്ടിക്കും ലഭിക്കുന്നു.

2) പരേതനു രണ്ടോ കൂടുതലോ പെൺകുട്ടികളുള്ളപ്പോൾ മതാപിതാക്കൾ അനന്തരമെടുക്കുന്നു: ഇവിടെ 1/6 മാതാവിന്നും 2/3 (4/6) പെൺകുട്ടികൾക്കും ബാക്കിയുള്ള 1/6 പിതാവിന്നും. മാതാവിനും പിതാവിനും തുല്യ ഓഹരി.

3) പരേതക്കു ഭർത്താവും മാതാപിതാക്കളും ഒരു പെൺകുട്ടിയും അനന്തരമെടുക്കുമ്പോൾ: 1/2 പെൺകുട്ടിക്കും 1/4 ഭർത്താവിന്നും 1/6 വീതം മാതാപിതാക്കൾക്കും (ഇവിടെ 12 ഓഹരിയെ 13 ആക്കി ഓഹരിവെക്കണം) മാതാവിനും പിതാവിനും തുല്യ ഓഹരി.

4) മാതാവൊത്ത സഹോദരന്മാരും മാതാവൊത്ത സഹോദരിമാരും എപ്പോഴും തുല്യമായിട്ടാണ് അനന്തരമെടുക്കുക. ഖുർആൻ പറയുന്നു:

وإنْ كَانَ رَجُلٌ يُورَثُ كَلاَلَةً أوْ امْرأةٌ وَلَهُ أخٌ أوْ أخْتٌ فَلكُلِّ واحد منْهُمَا السُّدُسُ فإنْ كَانُوا أكْثَرَ مِنْ ذلِك فَهُمْ شُرَكَاءُ فِي الثُّلُثَ (النساء :١٢)

'ഒരു പുരുഷനോ സ്ത്രീയോ പിതാവോ മക്കളോ ഇല്ലാതെ അനന്തരമെടുക്കപ്പെടുന്നു. പരേതനു (മാതാവൊത്ത) ഒരു സഹോദരനോ (മാതാവൊത്ത സഹോദരിയോ ഉണ്ട്. എങ്കിൽ അവർ ഓരോരുത്തർക്കും 1/6 വീതം. അവർ ഒന്നിൽ കൂടുതലുണ്ടെങ്കിൽ 1/3 ൽ പങ്കാളികൾ'

ഉദാഹരണമായി, പരേതക്കു ഭർത്താവും മാതാവും മാതാവൊത്ത സഹോദരനുമുണ്ട്. എങ്കിൽ ഭർത്താവിന്നു 3/6, ഉമ്മാക്ക് 2/6, മാതാവൊത്ത സഹോദരന് 1/6. ഇവിടെ മാതാവൊത്ത സഹോദരന്റെ സ്ഥാനത്ത് മാതാവൊത്ത സഹോദരിയാണെങ്കിലും 1/6 തന്നെയാണവർക്കു ലഭക്കുക.

5) പരേതക്ക് മാതാവും ഭർത്താവും മാതാവൊത്ത സഹോദരിയുമുണ്ടെങ്കിൽ ഭർത്താവിനു 1/2 (3/6) മാതാവൊത്ത സഹോദരന് 1/6 മതാവൊത്ത സഹോദരിക്ക് 1/6 (സഹോദരനും സഹോദരിക്കും തുല്യം).

6) ചില അവസരങ്ങളിൽ മാതാമഹി (അവർ പരേതനിൽ നിന്നു കുടുംബബന്ധത്തിൽ കൂടുതൽ അകലെയാണ്) പിതാവിന് തുല്യമായി അനന്തരമെടുക്കുന്നു. ഉദാരണം: പരേതനു പിതാവും മാതാമഹിയും മകനുമുണ്ട്. എങ്കിൽ പിതാവിന് 1/6 മാതാമഹിക്ക് 1/6 ബാക്കി 4/6 മകന്ന്.

7) പരേതനു പിതാവും രണ്ടുപെൺമക്കളും മാതാമഹിയുമുണ്ടെങ്കിൽ പെൺമക്കൾക്കു 2/3 (4/6) മാതാമഹിക്ക് 1/6 ബാക്കി 1/6 പിതാവിന്നും.

8) പരേതക്കു ഭർത്താവും ഉമ്മയും മാതാവൊത്ത രണ്ടു സഹോദരിമാരും മാതാപിതാക്കളൊത്ത ഒരു സഹോദരനുമുണ്ടെങ്കിൽ ഭർത്താവിനു 1/2 (3/6) ഉമ്മക്കു 1/6 മതാവൊത്ത സഹോദരിമാർക്ക് 1/3 (2/6) മാതാപിതാക്കളൊത്ത സഹോദരന് ഓഹരിയില്ല. പക്ഷെ ഇത് നീതിയല്ലാത്തതിനാൽ ഉമർ(റ), സൈദ്(റ), ഉസ്മാൻ(റ) എന്നിവർ വിധിച്ചിരിക്കുന്നത് മാതാപിതാക്കളൊത്ത സഹോദരനും മാതാവൊത്ത സഹോദരിമാരും 1/3ൽ തുല്യ പങ്കാളികളാവണമെന്നാണ്.

9) പരേതയുടെ ഭർത്താവിനൊപ്പം മാതാപിതാക്കളൊത്ത ഒരു സഹോദരൻ മാത്രമാണുള്ളതെങ്കിൽ ർത്താവിന് 1/2 ബാക്കി 1/2 മാതാപിതാക്കളൊത്ത സഹോദരനും. ഇവിടെ ഈ സഹോദരന്റെ സ്ഥാനത്ത് മാതാപിതാക്കളൊത്ത ഒരു സഹോദരിയാണുള്ളതെങ്കിലും അതേ ഓഹരി തന്നെ (1/2)യാണ് ലഭിക്കുക.

10) പരേതക്കു ഭർത്താവും മാതാവും മാതാവൊത്ത ഒരു സഹോദരിയും മാതാപിതാക്കളൊത്ത ഒരു സഹോദരനുമാണുള്ളതെങ്കിൽ ഭർത്താവിന്ന് 1/2 ഉമ്മാക്ക് 1/6 മാതാവൊത്ത സഹോദരിക്ക് 1/6 ബാക്കി (1/6) മാതാപിതാക്കളൊത്ത സഹോദരന്. (അകന്ന സഹോദരിയോടൊപ്പം സഹോദരനു തുല്യം).

ഇതിനു പുറമെ പതിനാലു സ്ഥലങ്ങളിലെങ്കിലും സ്ത്രീ അനന്തരമെടുക്കുന്നത് പുരുഷനെക്കാൾ കൂടുതലാണ്. ചില ഉദാഹരണങ്ങൾ താഴെ:

1) പരേതക്ക് ഭർത്താവും, പിതാവും, ഉമ്മയും, രണ്ടു പെൺമക്കളുമുണ്ട്. മൊത്തം 60 ലക്ഷമാണ് സ്വത്തെങ്കിൽ

12 ലക്ഷം ഭർത്താവിന്, 8 ലക്ഷം ഉമ്മാക്ക്, 32 ലക്ഷം രണ്ടുപെൺമക്കൾക്ക് (ഓരോരുത്തർക്കും 16 ലക്ഷം വീതം) ബാക്കി 8 ലക്ഷം പിതാവിന്.

ഇവിടെ പെൺമക്കളുടെ സ്ഥാനത്ത് രണ്ട് ആൺമക്കളാണെങ്കിൽ ഓഹരി ഇങ്ങനെയായിരിക്കും: ഭർത്താവ് 1/4=15 ലക്ഷം, പിതാവ് 1/6=10 ലക്ഷം, മാതാവ് 10 ലക്ഷം, ബാക്കി 25 ലക്ഷം രണ്ടാൺമക്കൾക്ക് (ഓരോരുത്തർക്കും 12/1/2 ലക്ഷം വീതം).

2) പരേതക്കു ഭർത്താവും മാതാപിതാക്കളൊത്ത രണ്ടു സഹോദരിമാരും മാതാവുമുണ്ട്. ആകെ സ്വത്ത് 48 ലക്ഷമാണെങ്കിൽ: ഭർത്താവിനു 18 ലക്ഷം, രണ്ടു സഹോദരിമാർക്കു 24 ലക്ഷം, (ഓരോരുത്തർക്കും 12 ലക്ഷം വീതം) മാതാവിന് 6 ലക്ഷം.

ഇവിടെ സഹോദരിമാരുടെ സ്ഥാനത്ത് രണ്ടു സഹോദരങ്ങളാണെങ്കിൽ ഓഹരി ഇങ്ങനെയായിരിക്കും: ഭർത്താവ് 24 ലക്ഷം, മാതാവ് 8 ലക്ഷം, രണ്ടു സഹോദരങ്ങൾ 16 ലക്ഷം. (ഓരോരുത്തർക്കും 8 ലക്ഷം വീതം).

മാതാപിതാക്കളൊത്ത സഹോദരീ സഹോദരന്മാരുടെ സ്ഥാനത്ത് പിതാവൊത്ത സഹോദരീ സഹോദരന്മാരാണെങ്കിലും ഇത് തന്നെയായിരിക്കും അവസ്ഥ.

3) പരേതക്കു ഭർത്താവും, പിതാവും മാതാവും ഒരു മകളുമുണ്ട്. ആകെ സ്വത്ത് 156 ലക്ഷമാണെങ്കിൽ ഭർത്താവിന്ന് 36 ലക്ഷം, മാതാവിന് 24 ലക്ഷം, മകൾക്കു 72 ലക്ഷം. ബാക്കി 24 ലക്ഷം പിതാവിനു.

ഇവിടെ മകളുടെ സ്ഥാനത്ത് മകനാണെങ്കിലോ? ഭർത്താവിനു (1/4)39 ലക്ഷം, പിതാവിനു (1/6)26 ലക്ഷം, മാതാവിനു (1/6) 26 ലക്ഷം, ബാക്കി മകനു 65 ലക്ഷം.

4) പരേതക്കു ഭർത്താവും ഉമ്മയും മാതാപിതാക്കളൊത്ത ഒരു സഹോദരിയുമുണ്ട്. അനന്തരസ്വത്ത് 48 ലക്ഷം രൂപയാണെങ്കിൽ ഭർത്താവിന്ന് 18 ലക്ഷം, ഉമ്മാക്ക് 12 ലക്ഷം സഹോദരിക്ക് 18 ലക്ഷം.

ഇവിടെ മാതാപിതാവൊത്ത സഹോദരിക്ക് പകരം സഹോദരനാണെങ്കിൽ ഓഹരി ഇങ്ങനെയായിരിക്കും: ഭർത്താവിന്ന് 24 ലക്ഷം, ഉമ്മാക്ക് 16 ലക്ഷം സഹോദരന് 8 ലക്ഷം.

5) പരേതക്കു ഭാര്യയും മാതാവും മാതാവൊത്ത രണ്ടു സഹോദരികളും മാതാപിതാക്കളൊത്ത രണ്ടു സഹോദരങ്ങളുമുണ്ട്. ആകെ സ്വത്ത് 48 ലക്ഷമാണെങ്കിൽ ഭാര്യക്കു (1/4) 12 ലക്ഷം, മാതാവിനു (1/6) 8 ലക്ഷം, മാതാവൊത്ത രണ്ടു സഹോദരികൾക്കു (1/3) 16 ലക്ഷം, മതാപിതാക്കളൊത്ത രണ്ടു സഹോദരങ്ങൾക്കു ബാക്കി 12 ലക്ഷം.

6) പരേതക്കു ഭർത്താവും മാതാവൊത്ത രണ്ടുസഹോദരിമാരും മാതാപിതാക്കളൊത്ത രണ്ടു സഹോദരൻമാരുമുണ്ട്. അനന്തരസ്വത്ത് 120 ലക്ഷമാണെങ്കിൽ ഭർത്താവിനു (1/2)60 ലക്ഷം, മാതാവൊത്ത രണ്ടുസഹോദരിമാർക്കു (1/3) 40 ലക്ഷം, മാതാപിതാക്കളൊത്ത രണ്ട് സഹോദരന്മാർക്ക് ബാക്കി 20 ലക്ഷം. (സഹോദരിയുടെ പകുതി സഹോദരന്).

7) പരേതക്കു ഭർത്താവും പിതാവും മാതാവുമുണ്ട്. ആകെ സ്വത്ത് 60 ലക്ഷമാണെങ്കിൽ ഭർത്താവിനു (1/2) 30 ലക്ഷം, മാതാവ് (1/3) 20 ലക്ഷം, ബാക്കി 10 ലക്ഷം പിതാവിന്. ഇതാണ് ഇബ്നു അബ്ബാസിന്റെ അഭിപ്രായം. (ഇനി ഉമറിന്റെയും സൈദിന്റെയും അഭിപ്രായമാണെടുക്കുന്നതെങ്കിൽ മാതാവിന് ഭർത്താവിന്റെ ഓഹരി കഴിച്ചു ബാക്കിയുള്ളതിന്റെ (1/3) ഭാഗമാണ് കിട്ടുക. അപ്പോൾ പിതാവിന് 20 ലക്ഷവും മാതാവിന് 10 ലക്ഷവുമാവും). പക്ഷെ ഖുർആന്റെ പ്രത്യക്ഷ വായന ഇബ്നു അബ്ബാസിന് അനുകൂലമാണ്.

8) പരേതക്കു ഭർത്താവും മാതാവും മാതാവൊത്ത സഹോദരിയും മാതാപിതാക്കളൊത്ത രണ്ടു സഹോദരന്മാരുമുണ്ട്. ആകെ സ്വത്ത് 60 ലക്ഷമാണെങ്കിൽ ഭർത്താവിനു (1/2) 30 ലക്ഷം, മാതാവിന് (1/6) 10 ലക്ഷം, മാതാവൊത്തസഹോദരിക്ക് (1/6 10 ലക്ഷം, മാതാപിതാക്കളൊത്ത രണ്ടുസഹോദരന്മാർക്ക് ബാക്കി 10 ലക്ഷം (ഓരോരുത്തർക്കും 5 ലക്ഷം വീതം).

9) പരേതനു മാതാവും മാതാമഹിയും പിതാമഹിയുമുണ്ട്. ആകെ സ്വത്ത് 60 ലക്ഷമാണെങ്കിൽ മാതാവുള്ളതുകൊണ്ട് മാതാമഹിക്കും പിതാമഹിക്കും അവകാശമുണ്ടാവുകയില്ല. പകരം മുഴുവൻ സ്വത്തും (60 ലക്ഷം) മാതാവിന് ലഭിക്കും.

അതേസമയം മാതാവിനു പകരം പിതാവാണെങ്കിലോ? മാതാമഹിക്ക് (1/6) 10 ലക്ഷം, പിതാവുള്ളതിനാൽ പിതാമഹിക്ക് അവകാശമില്ല. ബാക്കി (50 ലക്ഷം) പിതാവിന്. (ഇനിയും ഉദാഹരണങ്ങളുണ്ട്).

ചില സ്ഥലങ്ങളിൽ സ്ത്രീ അനന്തരമെടുക്കുമ്പോൾ തുല്യ സ്ഥാനത്തുള്ള പുരുഷനു ഒന്നും കിട്ടാത്ത അവസ്ഥകളുമുണ്ട്. ഉദാഹരണം:

1) പരേതക്കു ഭർത്താവും പിതാവും മാതാവും മകളും മകന്റെ മകളുമുണ്ട്. ആകെ സ്വത്ത് 195 ലക്ഷമാണെങ്കിൽ ഭർത്താവ് (1/4):39 ലക്ഷം, മാതാവ് (1/6):26 ലക്ഷം, മകൾ (1/2):78 ലക്ഷം, മകന്റെ മകൾ (1/6):26 ലക്ഷം, ബാക്കി 26 ലക്ഷം പിതാവ്.

എന്നാൽ ഇവിടെ മകന്റെ മകൾക്കു പകരം മകന്റെ മകനാണെങ്കിലോ? ഓഹരി ഇങ്ങനെയായിരിക്കും: ഭർത്താവ്(1/4):45 ലക്ഷം, പിതാവ് (1/6):30 ലക്ഷം, മാതാവ്(1/6):30 ലക്ഷം, മകൾ (1/2):90 ലക്ഷം, മകന്റെ മകൻ:0.

2) പരേതക്കു ഭർത്താവും മാതാപിതാക്കളൊത്ത സഹോദരിയും പിതാവൊത്ത സഹോദരിയുമുണ്ട്. ആകെ സ്വത്ത് 84 ലക്ഷമാണെങ്കിൽ (7 ഓഹരിവെക്കണം) ഭർത്താവിനു മൂന്നു ഓഹരി: 36 ലക്ഷം, മാതാപിതാക്കളൊത്ത സഹോദരിക്ക് മൂന്നോഹരി: 36 ലക്ഷം, പിതാവൊത്ത സഹോദരിക്കു ഒരോഹരി:12 ലക്ഷം.

ഇവിടെ പിതാവൊത്ത സഹോദരിക്കു പകരം പിതാവൊത്ത സഹോദരനാണെങ്കിൽ ഓഹരി ഇങ്ങനെ: ഭർത്താവിനു പകുതി:42 ലക്ഷം, മാതാപിതാക്കളൊത്ത സഹോദരിക്ക് പകുതി: 42 ലക്ഷം, പിതാവൊത്ത സഹോദരൻ: 0.

ഇതൊക്കെ സൂക്ഷ്മമായ വിശകലനത്തിൽ നിഷ്കൃഷ്ടമായ നീതിക്കു വേണ്ടിയുള്ള നീക്കുപോക്കുകളാണെന്നു കാണാൻ പ്രയാസമില്ല. പക്ഷെ, ആളുകളിൽ അധികപേരും ഉപരിപ്ളവമായി മാത്രം ചിന്തിക്കുന്നവരാണ്. ഒരു വ്യവസ്ഥയെ അതിന്റെ ഒരു മൂലമാത്രം നോക്കി വിലയിരുത്തുന്നത് 'അന്ധഹസ്തിന്യായ'മാണെന്നേ പറയാൻ പറ്റുകയുള്ളൂ. ഇസ്ലാമിക ശരീഅത്ത് സമർപ്പിക്കുന്ന അനന്തരാവകാശ നിയമം ദൈവനിർദ്ദിഷ്ടമാണ്. അതിനാൽ മനുഷ്യ നിർമ്മിതമായ മറ്റുനിയമങ്ങളിൽ നിന്ന് അത് തീർത്തും വേറിട്ടുനിൽക്കുന്നു. അതിന്റെ ചില പ്രത്യേകതകൾ ഇങ്ങനെ സംഗ്രഹിക്കാം:

1) മറ്റുപല മതങ്ങളിലും സംസ്കാരങ്ങളിലും കാണപ്പെടുന്ന പോലെ തന്റെ മരണശേഷം മില്യൻ കണക്കിൽ വരുന്ന സമ്പത്ത് തന്റെ നായക്കൾക്കും പൂച്ചകൾക്കുമായി നീക്കിവെക്കുവാനോ വിൽപത്രം മുഖേന തോന്നിയത് പോലെ ആർക്കെങ്കിലും എഴുതിക്കൊടുക്കുവാനോ ഇസ്ലാം അനുവദിക്കുന്നില്ല. പരമാവധി അനന്തരസ്വത്തിൽ 1/3 ൽ മാത്രമെ അയാൾക്ക് കൈ കാര്യാധികാരം തന്നെയുള്ളൂ. അതും ഖുർആനോ സുന്നത്തോ നിശ്ചയിച്ച അനന്തരാവകാശികൾക്ക് നൽകാനും പാടില്ല.

2) അനന്തര സ്വത്ത് ഇസ്ലാമിൽ സുനിശ്ചിതവും സുരക്ഷിതവുമാണ്. അനന്തരമെടുക്കുന്നവർക്കോ എടുക്കപ്പെടുന്നവർക്കോ അതിൽ ഒരു ഭേദഗതിക്കും അവകാശമില്ല. സ്വയം നിരാകരിക്കാനോ മറ്റുള്ളവർക്ക് നിഷേധിക്കാനോ അധികാരമില്ല.

3) അനന്തരസ്വത്തിൽ വിഹിതം കുടുംബപരിധിയിൽ ഒതുങ്ങുന്നു. വിവാഹത്തിലൂടെയോ കുടുംബ പാരമ്പര്യത്തിലൂടെയോ സ്ഥാപിതമാവുന്ന ബന്ധുക്കൾക്കാണ് അനന്തരസ്വത്ത്. മരണപ്പെട്ട വ്യക്തിയുമായി നിലവിലുള്ള ഈ ബന്ധങ്ങളുടെ അടുപ്പവും അകലവുമനുസരിച്ചു അനന്തരസ്വത്തിൽ ഏറ്റക്കുറവുകളും ലബ്ധലോപങ്ങളുമുണ്ടാവും.

4) അനന്തരാവകാശികളിൽ 1/2, 1/3, 1/4, 1/6, 1/8 എന്നിങ്ങനെ നിർണിത ഓഹരിക്കാരും ശിഷ്ടം അനന്തരമെടുക്കുന്നവരുമുണ്ട്. നിർണിത ഓഹരികൾ വിതരണം ചെയ്ത ശേഷമേ ശിഷ്ടമെടുക്കുന്നവരെ പരിഗണിക്കുകയുള്ളൂ.

5) പിതാവിന്റെ അനന്തരസ്വത്തിൽ ഏറ്റവും ചെറിയ ശിശുവായ മകനും ആദ്യ ജാതനും ഒരുപോലെയാണ്.

6) ഒരാൾ ജീവിച്ചിരിക്കുമ്പോൾ അദ്ദേഹത്തിന്റെ സ്വത്തിൽ മറ്റാർക്കും അവകാശമില്ല. അത് മാതാവോ പിതാവോ മക്കളോ ആരാണെങ്കിലും ഇത് തന്നെയാണ് വിധി. അനന്തരാവകാശം മരണ ശേഷം മാത്രം ലഭിക്കുന്ന അവകാശമാണ്. ■